**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3230** **25-10-2021 - ൽ മറുപടിയ്ക്ക്**

**ഇംഗ്ലീഷ് അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്ന നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | Shri V Sivankutty (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | 2021-22 അദ്ധ്യാന വർഷം മുതൽ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ എച്ച്.എസ്.എ. ഇംഗ്ലീഷ് തസ്തികകൾ സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് കേരള ഹൈക്കോടതി 10.08.2021 ൽ പുറപ്പെടുവിച്ച WP(C) 23159/2018 നമ്പർ വിധി ന്യായത്തിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ; | (എ) | ബഹു. കേരള ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ച്, റിട്ട് ഹർജി (സി) നം.23159/2018 ൽ 10.08.2021 ന് പുറപ്പെടുവിച്ച വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ വിഷയം പരിശോധിച്ച് വരുന്നു. |
| (ബി) | ഇംഗ്ലീഷ് ഭാഷാ അധ്യാപകരുടെ അഭാവത്തിൽ മറ്റ് അധ്യാപകർ ഇംഗ്ലീഷ് പഠിപ്പിക്കുന്ന വിദ്യാലയങ്ങളുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കാമോ; | (ബി) | ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു |
| (സി) | ഇംഗ്ലീഷ് മീഡിയം ഡിവിഷനുകളുള്ള സർക്കാർ ഹൈസ്കൂളുകളിൽ പോലും ഇംഗ്ലീഷ് അധ്യാപക തസ്തിക ഇല്ല എന്നത് ഗൗരവത്തിലെടുക്കുമോ; വ്യക്തമാക്കുമോ? | (സി) | നിലവിൽ ഇംഗ്ലീഷ് കോർ വിഷയങ്ങളുടെ ഗണത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. 8 മുതൽ 10 വരെ ക്ലാസ്സുകളിൽ 4 ഡിവിഷനുകൾ വരെയുള്ള വിദ്യാലയങ്ങളിൽ എച്ച്. എസ്.റ്റി ഇംഗ്ലീഷ് തസ്തിക ലഭ്യമല്ല. 5 ഡിവിഷനുകളോ അതിലധികമോ ഉണ്ടെങ്കിൽ മാത്രമേ എച്ച്. എസ്.റ്റി ( ഇംഗ്ലീഷ് ) തസ്തിക അനുവദിക്കുകയുള്ളൂ. മുകളിൽ (എ) പിരിവിന് നൽകിയിട്ടുള്ള പ്രകാരം ഈ വിഷയം സർക്കാർ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ

## ഹൈസ്കൂൾ വിഭാഗത്തിൽ നാലോ അതിൽ കുറവോ ഡിവിഷനുകളുള്ള സർക്കാർ, സർക്കാർ എയ്ഡഡ് വിദ്യാലയങ്ങളുടെ എണ്ണം 2021-22

| നമ്പർ | ജില്ലയുടെ പേര് | വിദ്യാലയങ്ങളുടെ എണ്ണം | | ആകെ |
|---|---|---|---|---|
| | | സർക്കാർ | എയ്ഡഡ് | |
| 1 | തിരുവനന്തപുരം | 36 | 10 | 46 |
| 2 | കൊല്ലം | 57 | 70 | 127 |
| 3 | പത്തനംതിട്ട | 40 | 37 | 77 |
| 4 | ആലപ്പുഴ | 23 | 16 | 39 |
| 5 | കോട്ടയം | 55 | 29 | 84 |
| 6 | ഇടുക്കി | 56 | 14 | 70 |
| 7 | എറണാകുളം | 61 | 24 | 85 |
| 8 | തൃശ്ശൂർ | 28 | 15 | 43 |
| 9 | പാലക്കാട് | 10 | 3 | 13 |
| 10 | മലപ്പുറം | 3 | 0 | 3 |
| 11 | കോഴിക്കോട് | 12 | 3 | 15 |
| 12 | വയനാട് | 9 | 2 | 11 |
| 13 | കണ്ണൂർ | 12 | 4 | 16 |
| 14 | കാസർകോട് | 11 | 2 | 13 |
| | ആകെ | 413 | 229 | 642 |